No. 142323/ENG.DIV-S1-ASST-3/2014/Admn Dated. 28.01.2017

**<u>റി-ക്വട്ടേഷൻ നോട്ടീസ്</u>**

(കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗം ഫോൺ-0494-2407300.)

കാലിക്കറ്റ് സർവകലാശാല കാമ്പസിലെ 1 മുതൽ 5 വരെ പ്ലോട്ടുകളിലെ **<u>തെങ്ങുകളിൽനിന്ന്</u> 2017 ജനുവരി 1 മുതൽ 2019 ഡിസംബർ 31 വരെയുള്ള <u>മൂന്നുവർഷത്തേയ്ക്ക്</u> മേലനുഭവം എടുക്കുന്നതിനും, <u>തെങ്ങ് ഒഴികെയുള്ള ഫലവൃക്ഷങ്ങളിൽനിന്ന്</u> 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള <u>ഒരു വർഷത്തേയ്ക്ക്</u>** മേലനുഭവം എടുക്കുന്നതിനും മുദ്രവെച്ച ക്വൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 8.02.2017നു ബുധനാഴ്ച്ച 3 മണിക്കുമുമ്പായി യൂണിവേഴ്സിറ്റി എഞ്ചിനീയർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനൊടൊപ്പം തിരിച്ചറിയൽ കാർഡിന്റെ കോപ്പിയും നിരതദ്രവ്യമായി ഓരോ പ്ലോട്ടിനും യൂണിവേഴ്സിറ്റി എഞ്ചിനീയർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി, എന്ന വിലാസത്തിൽ 500/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ്/ഡെപ്പോസിറ്റ് റെസീപ്റ്റ് അടക്കം ചെയ്യേണ്ടതുമാണ്.

ഓരോ പ്ലോട്ടിലെയും തെങ്ങ്, തെങ്ങ് ഒഴികെയുള്ള ഫലവൃക്ഷങ്ങൾ എന്നിവയ്ക്ക് വെവ്വേറെ കവറുകളിൽ ക്വട്ടേഷനുകൾ നൽകേണ്ടതും കവറിനുപുറത്ത് തെങ്ങ്, തെങ്ങ് ഒഴികെയുള്ള ഫലവൃക്ഷങ്ങൾ, പ്ലോട്ട് നമ്പർ- 1,2,3,4,5 എന്നിവ പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3.30 നു തുറക്കുന്നതാണ്.

ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്കും പാട്ടത്തിൽനിന്നും ഒഴിവാക്കപ്പെട്ട മരങ്ങളുടെ വിവരങ്ങൾക്കും പ്രവൃത്തിദിവസങ്ങളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-1 (സിവിൽ)മായി ബന്ധപ്പെടേണ്ടതാണ്. ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം യൂണിവേഴ്സിറ്റി അധികൃതരിൽ നിക്ഷിപ്തമാണ്. (www.universityofcalicut.info എന്ന വെബ്സൈറ്റ് സന്ദർശിക്കുക).

യൂണിവേഴ്സിറ്റി എഞ്ചിനീയർ